പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ 2125 | 26.03.2013-ലെ മറുപടിയ്ക്ക്

## സഹകരണ ആഡിറ്റിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, ആർ.സെൽവരാജ്<br>,, എ.റ്റി.ജോർജ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) 97-ാം ഭരണഘടനാ ഭേദഗതി നിയമപ്രകാരം സഹകരണ സംഘങ്ങളുടെ ആഡിറ്റിംഗിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന വ്യക്തമാക്കുമോ; ആയതു പ്രകാരം സംസ്ഥാനത്തെ സഹകരണ ആഡിറ്റിംഗ് സംവിധാനത്തിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) 97-ാം ഭരണഘടനാ ഭേദഗതി നിയമ പ്രകാരം സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളുടെയും ആഡിറ്റ് സാമ്പത്തിക വർഷം അവസാനിച്ച് ആറുമാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനമാകെ പ്രവർത്തന പരിധിയുള്ള അപ്പക്സ് സ്ഥാപനങ്ങളുടെ ആഡിറ്റ് റിപ്പോർട്ടും അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ടും നിയമസഭാ മുമ്പാകെ സമർപ്പിക്കണമെന്നും വ്യവസ്ഥയുണ്ട്. സഹകരണ ആഡിറ്റ് ഡയറക്ടർ അംഗീകരിച്ചു നൽകുന്ന പാനലിൽ നിന്നും ആഡിറ്റർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം സഹകരണ സംഘത്തിന്റെ പൊതുയോഗത്തിനാണ്. അപ്പക്സ് |

സംഘങ്ങളുടെ ഫിനാൻഷ്യൽ ആഡിറ്റ്,ആഡിറ്റ് സ്ഥാപനങ്ങളും, അഡ്മിനിസ്ട്രേറ്റീവ് ആഡിറ്റ് സഹകരണ വകുപ്പിലെ ആഡിറ്റർമാരും നടത്തണമെന്ന് പുതിയതായി നിലവിൽ വന്ന സഹകരണ നിയമ ഭേദഗതി വ്യവസ്ഥ ചെയ്യുന്നു.

(ബി) സഹകരണ മേഖലയിലെ അപ്പക്സ് സ്ഥാപനങ്ങളിൽ ആഡിറ്റ് കുടിശ്ശിക നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സഹകരണ മേഖലയിലുള്ള അപ്പക്സ് സ്ഥാപനങ്ങളുടെ 46 ആഡിറ്റുകൾ കുടിശ്ശികയായിട്ടുണ്ട്. അപ്പക്സ് സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് കുടിശ്ശിക ഇപ്രകാരമാണ്.

| സ്ഥാപനങ്ങൾ | കുടിശ്ശിക |
|---|---|
| കാപ്പെക്സ് | 15 |
| റ്റുടോണിക്സ് | 7 |
| ടെക്സ്ഫെഡ് | 5 |
| ഹോസ്പിറ്റൽ ഫെഡ് | 4 |
| ഹാൻഡിക്രാഫ്റ്റ് അപ്പക്സ് (സുരഭി) | 2 |
| കയർഫെഡ് | 2 |
| മത്സ്യഫെഡ് | 2 |
| റബ്ബർമാർക്ക് | 2 |
| കെ.സി.എം.എം.എഫ് (മിൽമ) | 1 |
| കൺസ്യൂമർഫെഡ് | 1 |
| മാർക്കറ്റ്ഫെഡ് | 1 |
| വനിതാഫെഡ് | 1 |
| ടൂർഫെഡ് | 1 |
| എസ്.സി/എസ്.ടി ഫെഡ് | 2 |
| ആകെ | 46 |

| | | | |
|---|---|---|---|
| (സി) | സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റിംഗ് കാലാനുസൃതമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | 30.9.2013 ന മുമ്പ് സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആഡിറ്റ് കാലാനുസൃതമാക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതി ആവിഷ്കരിച്ച നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2013 ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെയുള്ള ആറുമാസത്തിനുള്ളിൽ അപ്പക്സ് സംഘങ്ങളുടെ 46 ആഡിറ്റും റീജിയണൽ/ജില്ലാതല സംഘങ്ങളുടെ 40948 ആഡിറ്റും ഉൾപ്പെടെ ആകെ 41017 ആഡിറ്റുകൾ പൂർത്തീകരിക്കുന്നതിനാണ് കർമ്മ പദ്ധതി ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ